# കറുത്ത പൊന്ന് തിളങ്ങുന്നു

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജെൻസ് സെന്റർ, കഴിഞ്ഞ 15 വർഷങ്ങളിലെ കൊച്ചി വിപണിയിലെ പ്രതിമാസ കുരുമുളകു വിലയെ ആധാരമാക്കി ജനുവരി 2010 മുതൽ മെയ് 2010 വരെയുള്ള കുരുമുളക് വില പ്രവചനം പുറത്തിറക്കുകയുണ്ടായി. സംസ്ഥാനത്ത് കുരുമുളകു വില ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ താഴ്ന്നു നില്ക്കുകയും ഏപ്രിൽ, മെയ് മാസങ്ങളിൽ ഉയർന്നു നില്ക്കുകയും ചെയ്യുമെന്നാണ് പ്രസ്തുത പഠനം വ്യക്തമായി സൂചിപ്പിച്ചത്. കൊച്ചി വിപണിയിലെ പ്രസ്തുത കാലഘട്ടത്തിൽ നിലനിന്നിരുന്ന വില ഈ നിഗമനം ശരിയാണെന്ന് വ്യക്തമാകുന്നു (പട്ടിക 1).

പട്ടിക 1. കൊച്ചി വിപണിയിലെ കുരുമുളകു വില

| മാസം | പ്രവചന വില (Rs/Kg) | ശരാശരി വില (Rs/Kg) |
|---|---|---|
| ജനുവരി 2010 | 129-138 | 138 |
| ഫെബ്രുവരി 2010 | 128-136 | 128 |
| മാർച്ച് 2010 | 130-140 | 127 |
| ഏപ്രിൽ 2010 | 135-148 | 143 |
| മെയ് 2010 | 140-151 | - |

കുരുമുളകിന്റെ ആഭ്യന്തര, ആഗോള ഉല്പാദനത്തിൽ വന്ന കുറവ് കണക്കിലെടുത്തുകൊണ്ട് മെയ് മാസത്തിലെ കുരുമുളക് പ്രവചന വിലയെ പുനരവലോകനം നടത്തുകയും, മെയ് 2010 മുതൽ ആഗസ്റ്റ് 2010 വരെയുള്ള കുരുമുളക് വില പ്രവചനവും ഇതോടൊപ്പം തയ്യാറാക്കിയിരിക്കുന്നു.

കുരുമുളകുല്പാദനത്തിലും, വിപണിയിലും സമീപകാലത്തുണ്ടായ താഴെപ്പറയുന്ന മാറ്റങ്ങളും പ്രവണതകളും കണക്കിലെടുത്തുകൊണ്ടാണ് സെന്റർ ഈ നിഗമനത്തിലെത്തിയിരിക്കുന്നത്.

1. വിയറ്റ്നാമുൾപ്പടെയുള്ള അന്താരാഷ്ട്ര കുരുമുളകുല്പാദക രാജ്യങ്ങളിൽ, ഈ വർഷത്തെ കുരുമുളകു ഉല്പാദ്നം കഴിഞ്ഞവർഷത്തിനേക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആഗോള തലത്തിൽ ഇപ്രകാരമുണ്ടായ കുറവിനെ അന്തർദേശീയ കുരുമുളകു സമൂഹവും ഇപ്പോൾ ശരി വെയ്ക്കുന്നു.

2. വിയറ്റ്നാമിലെ ഉല്പാദനം 90,000 മെട്രിക് ടൺ ആയി നിജപ്പെടുത്തിയിരിക്കുന്നു. ഇത് കഴിഞ്ഞവർഷത്തെ ഉല്പാദനത്തിൽ നിന്നും 20% കുറവാണ്. ഇന്തോനേഷ്യയിലെ എൽ-നിനോ പ്രതിഭാസം മൂലം കുരുമുളകുല്പാദനത്തിൽ 30-35% വരെ കുറവാണ് കണക്കാക്കിയിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം മൂലം ബ്രസീലിലും കുരുമുളകുല്പാദനത്തിൽ വ്യാപകമായ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. ഇൻഡ്യയിലെ വിവിധ ഏജൻസികൾ സീസണിന്റെ തുടക്കത്തിൽ കുരുമുളകിന്റെ ഈ വർഷത്തെ ഉല്പാദനം 50,000–60,000 ടൺ തോതിൽ കണക്കാക്കിയിരുന്നു. എന്നാൽ വേനൽ കാലത്തെ മഴയുടെ അഭാവം മൂലം ജനുവരി മുതൽ നീണ്ടു നിന്ന വരൾച്ചയും, ''പൊള്ളു'' രോഗവും (ആന്ത്രക്കനൊസ്) മൂലം ഇൻഡ്യയുടെ ഉല്പാദനത്തിൽ 20–25% വരെ കുറവ് വരുമെന്നു പ്രതീക്ഷിക്കുന്നു.

4. ബ്രസീൽ കുരുമുളക് ട്രേഡ് ബോർഡിന്റെ റിപ്പോർട്ട് പ്രകാരം അമേരിക്കൻ, യൂറോപ്യൻ രാജ്യങ്ങളിൽ കുറേക്കാലമായി നിലനിന്നിരുന്ന സാമ്പത്തിക മാന്ദ്യം മൂലം കഴിഞ്ഞ വർഷത്തെ സ്റ്റോക്ക് വളരെ പരിമിതമാണ്. വൻ തോതിൽ കുരുമുളക് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ എന്ന നിലയിൽ പ്രസ്തുത രാജ്യങ്ങൾ സാമ്പത്തിക മാന്ദ്യത്തിൽ നിന്നും കര കയറുന്ന പശ്ചാത്തലത്തിൽ വരാവുന്ന ഡിമാന്റിലെ വർധനവ് ഇൻഡ്യ പോലുള്ള രാജ്യങ്ങൾക്ക് നേട്ടമാകാനാണ് സാധ്യത.

5. അമേരിക്കയിലെ ഭക്ഷ്യ, മരുന്ന് ഭരണവിഭാഗം, വിയറ്റ്നാമിൽ നിന്നും ഇറക്കുമതി ചെയ്ത കുരുമുളകിന് ഗുണമേന്മ കുറവാണെന്നു കണ്ടെത്തി. ഇതു മൂലം വിയറ്റ്നാമിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ കുരുമുളക് സംസ്കരണ യൂണിറ്റുകളിലും ഒക്ടോബർ 2010 കൊണ്ടു പരിശോധനകൾ പൂർത്തിയാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

6. ഇൻഡ്യയിൽ കുരുമുളകിന്റെ ആഭ്യന്തര വിപണി ശക്തമാണ്. പ്രതിവർഷം ഉപഭോഗത്തിൽ 3–4% വരെ വർദ്ധനവ് കണക്കാക്കപ്പെടുന്നു. വരുന്ന ശീതകാല സീസണിൽ ഈ ഡിമാന്റ് ഏറിയിരിക്കും.

7. രൂപയുടെ മൂല്യം കൂടിനില്ക്കുന്നതിനാലും, വിലയിലെ അനിശ്ചിതാവസ്ഥ കണക്കിലെടുത്ത് കയറ്റുമതിക്കാർ ദീർഘകാല കരാറുകളിൽ ഏർപ്പെടുന്നില്ല. അവർ വിപണിയിൽ നിന്ന് വിട്ട് നിന്നു കൊണ്ടു ഹ്രസ്വകാല കരാറിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്.

8. കേരളത്തിലെ പ്രമുഖ കുരുമുളക് വിപണികളിലും, ഉല്പാദന മേഖലകളിലും, വിപണന കേന്ദ്രങ്ങളിലും കാര്യമായ ചരക്കുനീക്കമില്ല. കർഷകർ അവരുടെ ചരക്ക് ഇതിലും ഉയർന്ന വില കിട്ടുമെന്നു പ്രതീക്ഷിച്ച് പിടിച്ചു വെയ്ക്കുന്നതിനാലാണ് ഇപ്രകാരം ഒരു സ്ഥിതി വിശേഷം സംജാതമായിരിക്കുന്നത്.

8. ഈ കാലയളവിൽ, റബ്ബർ, തേയില, ഏലം, കൊക്കോ എന്നീ വാണിജ്യ വിളകൾക്കു ലഭിച്ച ഉയർന്ന വില കർഷകർ അവരുടെ ചരക്ക് തിരക്കുപിടിച്ച് വിൽക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ്. രണ്ടോ, മൂന്നോ വർഷം വരെ യാതൊരും കേടും കൂടാതെ കുരുമുളക് സംഭരിച്ചു വെയ്ക്കാൻ കഴിയുമെന്നുള്ളതും ഇത്തരമൊരു നീക്കത്തിന് പ്രേരകമാകുന്നു.

മേല്പറഞ്ഞ സാഹചര്യത്തിൽ അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റല്ലിജെൻസ് സെന്റർ, കൊച്ചി വിപണിയിലെ ഗർബിൾ ചെയ്യാത്ത കുരുമുളകു വിലയെ അടിസ്ഥാനമാക്കി നടത്തിയ വിശകലനത്തിൽ, മേയ് 2010 മുതൽ ആഗസ്റ്റ് 2010 വരെയുള്ള കുരുമുളകിന്റെ വിലയിലെ ഏറ്റക്കുറച്ചിലുകൾ താഴെ പറയും പ്രകാരമായിരിക്കുമെന്ന് സൂചിപ്പിയ്ക്കുന്നു.

പട്ടിക 2. പ്രവചന വില

| മാസം | പ്രവചന വില (Rs/Kg) |
|---|---|
| മെയ് 2010 | 150 - 165 |
| ജൂൺ 2010 | 155 - 167 |
| ജൂലായ് 2010 | 165 - 175 |
| ആഗ്സ്റ്റ് 2010 | 175 - 185 |

വിയറ്റ്നാമിന് 2010 സെപ്റ്റംബർ-ഒക്റ്റോബർ മാസങ്ങൾക്കു മുൻപ് ഈ കുഴഞ്ഞ സ്ഥിതി വിശേഷണത്തിൽ നിന്നും പുറത്തുകടക്കുവാൻ സാധിക്കില്ല എന്നാണ് പരക്കെ

പ്രതീക്ഷിക്കുന്നത്. ഈ പ്രതിസന്ധി ഘട്ടം തരണം ചെയ്തതിനു ശേഷം വിയറ്റ്നാം വൻ തോതിൽ ആഗോള വിപണിയിൽ കുരുമുളകു വിറ്റഴിച്ചാൽ തന്മൂലം അന്തരാഷ്ട്ര വിലയിൽ വലിയ സമ്മർദം ഉണ്ടാകുവാനുള്ള സാദ്ധ്യത കണക്കിലെടുത്ത് കർഷകർ കുരുമുളക് വില്പന ക്രമീകരിയ്ക്കുകയായിരിക്കും കൂടുതൽ അഭികാമ്യം.

വില പ്രവചനങ്ങളും, വിപണിയുമായി ബന്ധപ്പെട്ട മറ്റു വാർത്തകളും ഇനി മൊബൈൽ ഫോണിലൂടെയും ലഭിയ്ക്കും. ഇഫ്കോ കിസാൻ സഞ്ചാർ ലിമിറ്റഡ് കർഷകർക്കായി പുറത്തിറക്കിയ ഗ്രീൻ സിം കാർഡ് ഉപയോഗിക്കുന്ന എല്ലാവർക്കും ഈ ശബ്ദ സന്ദേശങ്ങൾ സൗജന്യമായി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: amickau@gmail.com, 8129628797

